# കേരളാ സ്റ്റേറ്റ് സിവിൽ സപ്ളൈസ് കോർപ്പറേഷൻ ലിമിറ്റഡ്
## ഓണം 2017

. . . . . . . . . . . . . . . . . . . . . . . . . .ഓണം ഫെയർ/മാർക്കറ്റിലേയ്ക്ക് ഏത്തക്കായും പച്ചക്കറികളും **സപ്ലൈ ചെയ്യുന്നതിനുള്ള** (പ്രാദേശിക) ദർഘാസ് ഫോറം.

To

വിഷയം:- ഓണം 2017- ഓണം ഫെയർ/മാർക്കറ്റുകൾക്കുവേണ്ടി ഏത്തക്കായും പച്ചക്കറികളും വാങ്ങുന്നതിനുള്ള പ്രാദേശിക ടെണ്ടർ സംബന്ധിച്ച്.

കേരളാ സ്റ്റേറ്റ് സിവിൽ സപ്ളൈസ് കോർപ്പറേഷൻ (ഇതിൽ താഴെ കോർപ്പറേഷൻ എന്ന് പ്രതിപാദിക്കുന്നു) ഈ വർഷം സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും വിവിധ ഭാഗങ്ങളിൽ തുറക്കാൻ നിശ്ചയിച്ചിട്ടുള്ള ഓണം ഫെയറുകൾ/ഓണചന്തകൾ എന്നിവയിലൂടെ വിതരണം ചെയ്യാൻ **ആവശ്യമുള്ള** ഏത്തക്കായും അനുബന്ധം-1 ൽ ചേർത്തിരിക്കുന്ന വിവിധ ഇനം പച്ചക്കറികളും ടെണ്ടർമുഖേന വാങ്ങാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ടെണ്ടർ സംബന്ധിച്ച ചട്ടങ്ങളും നിബന്ധനകളും തുടർന്ന് പ്രതിപാദിക്കുന്നു.

1. **പൊതുവായ ചട്ടങ്ങളും വ്യവസ്ഥകളും**

(എ) നിർദ്ദിഷ്ട വില്പനകേന്ദ്രങ്ങളിൽ നേരിട്ടാകണം ഏത്തക്കായ/പച്ചക്കറികൾ ലഭ്യമാക്കേണ്ടത്/എത്തിക്കേണ്ടത്. **30/08/2017-ാം തീയതി രാവിലെ 6 മണി മുതൽ 03/09/2017-ാം തീയതി** രാവിലെ 8.30 വരെയാണ് ഏത്തക്കായും പച്ചക്കറികളും **സപ്ലൈ** ചെയ്യേണ്ട കാലയളവ്.

(ബി) **ജില്ലയിലെ** ഓരോ വില്പനകേന്ദ്രങ്ങളിലും വിതരണത്തിനുവേണ്ടിവരുന്ന ഏത്തക്കായും പച്ചക്കറികളും ഇതോടൊപ്പമുള്ള അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു. എങ്കിലും **ആവശ്യമുള്ള** മുറയ്ക്ക് ഈ അളവുകൾ കൂട്ടുന്നതിനോ കുറയ്ക്കുന്നതിനോ ബന്ധപ്പെട്ട പട്ടികയിൽ അപ്പാടെ മാറ്റം വരുത്തുന്നതിനോ ടി കോർപ്പറേഷന് അധികാരമുണ്ടായിരിക്കും.

(സി) അനുബന്ധം 1-ൽ കാണിച്ചിട്ടുള്ള എല്ലാ ഇനം പച്ചക്കറികളും ഏത്തക്കായും ഒരുമിച്ചോ അല്ലെങ്കിൽ ഏത്തക്കായ മാത്രമായോ **സപ്ലൈ** ചെയ്യാവുന്നതാണ്. ഏത്തക്കായും പച്ചക്കറികളും ഒരുമിച്ചോ പച്ചക്കറികളും ഏത്തക്കായും ഓരോന്നിനും പ്രത്യേകമായോ ഓർഡർ നൽകുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

(ഡി) ടെണ്ടർ ഫോറത്തിലെ അനുബന്ധം -1 പൂരിപ്പിച്ച് ഒരു കവറിലും അനുബന്ധം-2, അനുബന്ധം-3 ടെണ്ടർഫോറം എന്നിവ നിർദ്ദേശിച്ചിട്ടുള്ള വിവരങ്ങൾ രേഖപ്പെടുത്തി മറ്റൊരു കവറിലാക്കി ഒട്ടിച്ച് **21/08/2017 രാവിലെ 10.30 നോ** അതിനുമുമ്പോ **ബന്ധപ്പെട്ട ഡിപ്പോ മാനേജർമാർക്ക് സമർപ്പിക്കേണ്ടതാണ്.**

(ഇ) ടെണ്ടർ ഫോറത്തിൽ അനുബന്ധം-1 ഉൾക്കൊള്ളുന്ന കവറിനുപുറത്ത് മുകളിലായി ഫെയർ/മാർക്കറ്റിലേയ്ക്ക് **"ഏത്തക്കായക്കും പച്ചക്കറികൾക്കും വേണ്ടിയുള്ള ടെണ്ടർ ഓണം 2017 - കൊമേഴ്സ്യൽ ബിഡ്"** എന്നെഴുതിയിരിക്കേണ്ടതാണ്. അതിനുതാഴെ **സപ്ലൈ** ചെയ്യാനുദ്ദേശിക്കുന്ന ഓണം ഫെയർ/മാർക്കറ്റിൻെറ പേരും രേഖപ്പെടുത്തേണ്ടതാണ്. (ടെണ്ടർ ഫോറത്തിൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ ചട്ടങ്ങളും വ്യവസ്ഥകളും ദർഘാസുകാരൻ അംഗീകരിച്ച് സ്വീകരിച്ചു എന്നതിൻെറ അടയാളസൂചക രേഖയായിരിക്കും ഇത്).

**(എഫ്)** "കൊമേഴ്സ്യൽ ബിഡ്" എന്നു രേഖപ്പെടുത്തിയ കവറിൽ ബന്ധപ്പെട്ട കോളങ്ങൾ പൂരിപ്പിച്ച അനുബന്ധം-1 മാത്രമേ അടക്കം ചെയ്യാൻ പാടുള്ളൂ. ഇതിൽ ദർഘാസുകാരൻ ഒപ്പിട്ടിരിക്കേണ്ടതാണ്.

ദർഘാസുകാരൻെറ ഒപ്പ്

<u>“ടെക്നിക്കൽ ബിഡ്“ എന്നു രേഖപ്പെടുത്തിയ കവറിൽ താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.</u>

1. വാഗ്ദാനം ചെയ്യപ്പെടുന്ന ഏത്തക്കായ/പച്ചക്കറികളുടെ വെറൈറ്റി (ഇനങ്ങൾ) യെക്കുറിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ അനുബന്ധം-2 ഇതിൽ ദർഘാസുകാരൻ ഒപ്പിട്ടിരിക്കേണ്ടതാണ്.
2. ദർഘാസിനോടൊപ്പം നിരതദ്രവ്യമായി ഡിപ്പോ മാനേജരുടെ പേരിൽ എടുത്ത 5000 രൂപയുടെ ഡിമാൻറ് ഡ്രാഫ്റ്റും സമർപ്പിച്ചിരിക്കേണ്ടതാണ്. ഈ ഡിമാൻറ് ഡ്രാഫ്റ്റുകൾ അതാത് താലൂക്ക് ഡിപ്പോകൾ സ്ഥിതിചെയ്യുന്ന സ്ഥലത്തുള്ള ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ മാറാവുന്നതായിരിക്കണം.
3. ദർഘാസുകാരൻ എല്ലാ പേജുകളിലും ഒപ്പിട്ട ടെണ്ടർഫോറം സമർപ്പിക്കേണ്ടതാണ്.

**(ജി)** ഓരോ ഇനവും ബന്ധപ്പെട്ട വില്പനകേന്ദ്രങ്ങളിൽ സപ്ളൈ ചെയ്യുന്നതിനുവേണ്ടിയുള്ള നിരക്കുകൾ ഒരു കിലോഗ്രാമിന് (നെറ്റ് വെയിറ്റ്) എത്ര എന്ന് അനുബന്ധം-1 ൽ രേഖപ്പെടുത്തി കൊമേഴ്സ്യൽ ബിഡായി സമർപ്പിക്കേണ്ടതാണ്. അനുബന്ധം-1 ൽ പറഞ്ഞിട്ടുള്ള വസ്തുതകൾ പൂർണ്ണമായും സമ്മതിച്ചു എന്നതിൻെറ അടയാളസൂചകരേഖയായി ഇതിൽ ദർഘാസുകാരൻ ഒപ്പ് പതിച്ചിരിക്കേണ്ടതാണ്.

**(എച്ച്)** 20/08/2017 ൽ ബന്ധപ്പെട്ട ഡിപ്പോ ഓഫീസുകളിൽ വച്ച് രാവിലെ 11.00 ന് ദർഘാസുകാരുടേയോ അവർ രേഖാമൂലം അധികാരപ്പെടുത്തിയ പ്രതിനിധികളുടേയോ സാന്നിദ്ധ്യത്തിൽ കൊമേഴ്സ്യൽ ബിഡുകൾ തുറക്കുന്നതായിരിക്കും.

**(ഐ)** കൊമേഴ്സ്യൽ ബിഡുകൾ തുറന്നു കഴിഞ്ഞ് നെഗോഷിയേഷൻ വേണ്ടിവന്നാൽ അത് കൊമേഴ്സ്യൽ ബിഡുകൾ തുറന്നുകഴിഞ്ഞയുടൻതന്നെയായിരിക്കും. അതിൽ പങ്കെടുക്കുന്നതിനു വേണ്ടി ദർഘാസുകാരനോ അല്ലെങ്കിൽ ദർഘാസുകാരൻ അധികാരപ്പെടുത്തിയ പ്രതിനിധിയോ അന്നേദിവസം സ്ഥലത്തുണ്ടായിരിക്കേണ്ടതാണ്. നെഗോഷിയേഷനുവേണ്ടി കോർപ്പറേഷനെ നിർബന്ധിക്കുവാനോ നെഗോഷിയേഷന് എതിരുനിൽക്കുവാനോ ദർഘാസുകാരന് അവകാശമുണ്ടായിരിക്കു ന്നതല്ല.

**(ജെ)** സ്വീകരിക്കപ്പെട്ട ദർഘാസുകാർ പർച്ചേസ് ഓർഡർ ടി കോർപ്പറേഷനിൽ നിന്നു ലഭിച്ച് മൂന്ന് ദിവസത്തിനകം ഓർഡർ ചെയ്യപ്പെടുന്ന പച്ചക്കറികളുടെയും ഏത്തക്കായുടെയും മൊത്തം വിലയുടെ 5% തുക പണമോ, ഡിമാൻറ് ഡ്രാഫ്റ്റായോ, ബാങ്ക് ഗ്യാരണ്ടിയായോ, സെക്യൂരിറ്റി ഡെപ്പോസിറ്റായി ടി കോർപ്പറേഷൻെറ ബന്ധപ്പെട്ട ഡിപ്പോ ഓഫീസിൽ കെട്ടി വയ്ക്കേണ്ടതാണ്. അത്തരം ടെണ്ടർകാരുടെ നിരതദ്രവ്യം സെക്യൂരിറ്റി ഡെപ്പോസിറ്റിൻെറ ഭാഗമായി പരിഗണിക്കപ്പെടുന്നതാണ്. മേൽ സൂചിപ്പിച്ച രീതിയിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് കെട്ടിവയ്ക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ തക്കയോഗ്യതയുള്ള തൊട്ടടുത്ത സ്ഥാനത്തുള്ള ടെണ്ടർകാരന് ടെണ്ടർ ഉറപ്പിക്കുകയോ സാധനങ്ങൾ വാങ്ങുന്നതിനുള്ള ബദൽ ഏർപ്പാടുകൾ ചെയ്യുകയോ ഏതാണ് യുക്തമെന്ന് ടി കോർപ്പറേഷന് തോന്നുന്നത്, അപ്രകാരം ചെയ്യുന്നതാണ്. ഇത്തരം സാഹചര്യത്തിൽ ടിയാൻെറ നിരതദ്രവ്യം ടി കോർപ്പറേഷനിലേയ്ക്ക് മുന്നറിയിപ്പുകൂടാതെ കണ്ടുകെട്ടുന്നതായിരിക്കും.

**(കെ)** ദർഘാസുകാർ വാഗ്ദാനം ചെയ്യുന്ന നിരക്കുകൾക്കുള്ള പ്രാബല്യം 03/09/2017 (ഉൾപ്പെടെ ) വരെയായിരിക്കും.

**(എൽ)** ഈ കരാറുമായി ബന്ധപ്പെട്ടുണ്ടായേക്കാവുന്ന ഏതു തർക്കത്തെ സംബന്ധിച്ചും കോർപ്പറേഷൻ മാനേജ്മെൻറ് കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും. ഈ കരാറുമായി ബന്ധപ്പെട്ടുണ്ടാകുന്ന തർക്കങ്ങൾക്ക് കൊച്ചിയുടെ പരിധിയിൽ വരുന്ന കോടതിയുടെ തീരുമാനം അന്തിമമായിരിക്കും.

ദർഘാസുകാരൻെറ ഒപ്പ്

2. <u>സപ്ലൈ സംബന്ധമായ ചട്ടങ്ങളും നിബന്ധനകളും</u>

(എ) പൂർണ്ണമായും വില്പനയ്ക്ക് അനുയോജ്യമായതും, ഭക്ഷ്യയോഗ്യവും, പുതുമയും വൃത്തിയും വലുപ്പത്തിന്റെ കാര്യത്തിൽ സാമാന്യ നിലവാരവും ഐക്യരൂപ്യവും പുലർത്തുന്നവയും മണ്ണ്, ചെളി, അഴുക്ക്, കീടബാധ, ദുർഗന്ധം, നിറംമാറ്റം, ഹാനികരങ്ങളായ വർണ്ണദായക വസ്തുക്കൾ, മറ്റ് മാലിന്യങ്ങൾ തുടങ്ങിയവയിൽനിന്ന് മുക്തമായതുമായ ഏത്തക്കായും പച്ചക്കറികളും ആണ് ലഭ്യമാക്കേണ്ടത്.

(ബി) വില്പനകേന്ദ്രങ്ങളിൽ ഏത്തക്കായും പച്ചക്കറികളും നേരിട്ട് കരാറുകാരന്റെ ചെലവിൽ എത്തിക്കേണ്ടതാണ്.

(സി) സപ്ലൈ ചെയ്യുവാൻ താല്പര്യമുള്ളവർ ഇതോടൊപ്പമുള്ള അനുബന്ധം-1 ൽ കാണിച്ചിട്ടുള്ള ഇനങ്ങൾക്കുനേരെ തങ്ങളുടെ നിരക്കുകൾ രേഖപ്പെടുത്തേണ്ടതാണ്. രേഖപ്പെടുത്തുന്ന നിരക്കുകൾ, ബന്ധപ്പെട്ട സാധനങ്ങൾ വില്പനകേന്ദ്രത്തിൽ എത്തിക്കുന്നതിനുവേണ്ട ഗതാഗതക്കൂലി, തൂക്കക്കൂലികൾ, നികുതികൾ എന്തെങ്കിലുമുണ്ടെങ്കിൽ അത് തുടങ്ങിയ എല്ലാ ചെലവുകളും ഉൾപ്പെടെയുള്ളതാവണം, എന്നാൽ ഇറക്കുകൂലി കോർപ്പറേഷൻ വഹിക്കുന്നതാണ്.

(ഡി) ജില്ലയിലെ ഓരോ വില്പനകേന്ദ്രത്തിലും സപ്ലൈ ചെയ്യപ്പെടേണ്ട ഏത്തക്കായുടേയും പച്ചക്കറികളുടേയും അളവ് (തൂക്കം) 30/08/2017 മുതൽ 03/09/2017 വരെയുള്ള തീയതികളിൽ യഥാക്രമം, ഏകദേശം 1:2:3:4:2 എന്ന അനുപാതത്തിലായിരിക്കും. കൃത്യമായ വിവരങ്ങൾ പർച്ചേസ് ഓർഡറിൽ കാണിച്ചിരിക്കും. (അതായത് 1-ാം ദിവസം 1/12, 2-ാം ദിവസം 2/12 എന്നിങ്ങനെ)

(ഇ) ഓരോ ഇനവും ഓരോ വില്പനകേന്ദ്രത്തിലും സപ്ലൈ ചെയ്യുന്നതിന് 1 കി.ഗ്രാമിന ്(നെറ്റ് വെയിറ്റ്) എത്ര എന്ന നിരക്കായിരിക്കണം രേഖപ്പെടുത്തേണ്ടത്. ക്വോട്ട് ചെയ്യുന്ന നിരക്കുകൾ നെറ്റ് വെയിറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം, ഗ്രോസ്സ് വെയിറ്റിന്റെ അടിസ്ഥാനത്തിലാവരുത്. ഈ നിരക്കുകൾ, സാധനങ്ങൾ വില്പനകേന്ദ്രത്തിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള പാക്കിംഗ്, കവറിംഗ്, ചാക്കുവില, മറ്റ് നിരക്കുകൾ തുടങ്ങിയ എല്ലാ ചെലവുകളും ഉൾപ്പെട്ടതായിരിക്കണം.

(എഫ്) ഏത്തക്കായുടെ കാര്യത്തിൽ സപ്ലൈ ചെയ്യപ്പെടുന്ന ഏത്തക്കായുടെ തണ്ടുതൂക്കം ഉൾപ്പെടെയുള്ള മൊത്തഭാരം (ഗ്രോസ് വെയിറ്റ്) കുല ഒന്നിന് 5 1/2 കിലോഗ്രാമിൽ കുറയാൻ പാടില്ലാത്തതാകുന്നു. ഓരോ കുലയുടേയും മൊത്തഭാരത്തിൽ നിന്ന് 1 കി.ഗ്രാം എന്ന തോതിൽ തണ്ടുഭാരം കുറച്ചിട്ടായിരിക്കും കുലയുടെ നെറ്റ് വെയിറ്റ ്(അറ്റഭാരം) കണക്കാക്കുന്നത്. തണ്ടിന്റെ നീളം ചുവട്ടിലെ പടലയിൽ നിന്നും ഒരടിയിൽ കൂടാൻ പാടില്ല.

(ജി) തണ്ടുഭാരം ഒരു കി.ഗ്രാമിലും കൂടുതലാണെന്ന് കോർപ്പറേഷൻ അധികാരികൾക്ക് സംശയം തോന്നുന്ന സന്ദർഭങ്ങളിൽ കരാറുകാരന്റെയോ അയാളുടെ പ്രതിനിധിയുടെയോ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ലോഡിൽനിന്നും 10 മുതൽ 15 വരെ കുലകളുടെ പടലകൾ നീക്കിയതിനുശേഷം ടി തണ്ടുകളുടെ മൊത്തം തൂക്കമെടുത്ത് ഒരു തണ്ടിന്റെ ശരാശരി ഭാരം കണക്കാക്കുന്നതാണ്. ശരാശരി ഭാരമോ 1 കി.ഗ്രാമോ ഏതാണ് കൂടുതൽ അതായിരിക്കും ബന്ധപ്പെട്ട ലോഡിലെ ഒരു കുലയുടെ തണ്ടുഭാരമായി കണക്കാക്കുന്നത്.

(എച്ച്) പച്ചക്കറികൾ, പ്രത്യേകം നിങ്ങൾക്ക് അനുയോജ്യമായ തരത്തിൽ ചണച്ചാക്കുകൾ, മുളങ്കുട്ടകൾ, മരപ്പെട്ടികൾ എന്നിവയിൽ പായ്ക്കുചെയ്തോ ലൂസായി ലഭ്യമാക്കേണ്ടവ അത്തരത്തിലോ സപ്ലൈ ചെയ്യേണ്ടതാണ്. തക്കാളി, അതിനുയോജിച്ച നിർദ്ദിഷ്ട മരപ്പെട്ടികളിൽ തന്നെ പായ്ക്കുചെയ്തിരിക്കണം.

ദർഘാസുകാരന്റെ ഒപ്പ്

**(ഐ)** വില്പനകേന്ദ്രങ്ങളിൽ എത്തുന്ന സ്റ്റോക്ക് കോർപ്പറേഷൻെറ പ്രതിനിധികൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. പ്രസ്തുത സ്റ്റോക്കിൻെറ ഗുണവും തൂക്കവും കൂട്ടായി പരിശോധിച്ച് ഉറപ്പുവരുത്താൻ കരാറുകാരന് തൻെറ ഒരു പ്രതിനിധിയെ വില്പനകേന്ദ്രത്തിലേക്ക് അയയ്ക്കാവുന്നതാണ്. വ്യത്യാസമുണ്ടെങ്കിൽ, അവ പ്രസ്തുത സമയത്തുതന്നെ പരസ്പരം ബോധ്യപ്പെടുത്തേണ്ടതാണ്. പിന്നീടുള്ള അവകാശവാദങ്ങളോ തർക്കങ്ങളോ പരിഗണനാർഹമായി രിക്കുകയില്ല. കരാറുകാരൻെറ പ്രതിനിധിയുടെ അഭാവത്തിൽ, ടി കോർപ്പറേഷൻ പ്രതിനിധിയുടെ തനിച്ചുള്ള പരിശോധനാഫലം അന്തിമമായിരിക്കുന്നതും അത് അംഗീകരിക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

**(ജെ)** ടെണ്ടർ ഉറപ്പിച്ചുകൊണ്ടുള്ള ഉത്തരവിനോടൊപ്പം നൽകുന്ന പട്ടികക്രമമനുസരിച്ചും കോർപ്പറേഷൻ അധികാരികളുടെ അപ്പോഴപ്പോഴുള്ള രേഖാമൂലവും ഫോൺവഴിയുള്ള നിർദ്ദേശങ്ങൾ അനുസരിച്ചും സാധനങ്ങൾ ലഭ്യമാക്കാൻ കരാറുകാരൻ പൂർണ്ണമായും ബാദ്ധ്യസ്ഥനായിരിക്കും.

**(കെ)** ഓരോ ദിവസവും ലഭ്യമാക്കേണ്ട സാധനങ്ങളുടെ പട്ടികയിൽ മാറ്റം വരുത്തുന്നതിന് സപ്ലൈ ചെയ്യാൻ നിർദ്ദേശിച്ചിട്ടുള്ള സമയത്തിന് 24 മണിക്കൂർ മുമ്പ് നൽകുന്ന രേഖാമൂലമുള്ള നിർദ്ദേശം (ക്വാണ്ടിറ്റി ആൾട്ടറേഷൻ മെമ്മോ) കരാറുകാരൻ അനുസരിക്കാൻ ബാദ്ധ്യസ്ഥനാണ്. അത്തരം സന്ദർഭങ്ങൾ ഉണ്ടായാൽ കരാറുകാരൻ പണത്തിനുവേണ്ടി സമർപ്പിക്കുന്ന ബില്ലിനോടൊപ്പം മേൽ സൂചിപ്പിച്ച മെമ്മോയും ഹാജരാക്കേണ്ടതാണ്.

പർച്ചേസ് ഓർഡറിലുള്ള അളവിനേക്കാൾ കൂടുതലാണ് ആൾട്ടറേഷൻ മെമ്മോ മുഖേന സപ്ലൈ ചെയ്യാൻ ആവശ്യപ്പെടുന്നതെങ്കിൽ അത് പർച്ചേസ് ഓർഡർ നിരക്കിൽ തന്നെ സപ്ളൈ ചെയ്യാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.

ഓർഡർ ചെയ്യപ്പെട്ടിട്ടുള്ള മുഴുവൻ തൂക്കം ഏത്തക്കായും പച്ചക്കറികളും അതാത് ദിവസം രാവിലെ 6.00 മണി മുതൽ രാവിലെ 8.30 മണിവരെയുള്ള സമയപരിധിക്കുള്ളിൽത്തന്നെ നിർബന്ധമായും ബന്ധപ്പെട്ട വിൽപനകേന്ദ്രങ്ങളിൽ സപ്ളൈ ചെയ്യേണ്ടതാണ്. വൈകിയെത്തുന്ന സാധനങ്ങൾ നിരസ്സിക്കുന്നതിനോ ഓരോ അരമണിക്കൂർ താമസത്തിനും 5% പിഴ വസൂലാക്കി സ്വീകരിക്കുന്നതിനോ ടി കോർപ്പറേഷന് അവകാശമുണ്ടായിരിക്കും.

**(എൽ)** ഓർഡർ ചെയ്യപ്പെട്ട അത്രയും സ്റ്റോക്ക് കരാർപ്രകാരമുള്ള തീയതിയിലും സമയത്തും നിർദ്ദിഷ്ഠ കേന്ദ്രങ്ങളിൽ എത്തിപ്പെടാത്ത സാഹചര്യമുണ്ടായാൽ, ബന്ധപ്പെട്ട കരാറുകാരൻെറ ഉത്തരവാദിത്തത്തിലും ചെലവിലും പ്രസ്തുത സാധനങ്ങൾ യുക്തമെന്നുതോന്നുന്ന മറ്റു വഴികളിലൂടെ വാങ്ങുന്നതിന് ടി കോർപ്പറേഷന് അധികാരമുണ്ടായിരിക്കും. അത്തരം സാഹചര്യങ്ങളിൽ കഷ്ടനഷ്ടങ്ങൾ കണക്കാക്കി മുഴുവൻ തുകയും ബന്ധപ്പെട്ട കരാറുകാരനിൽനിന്നും ഈടാക്കുന്നതാണ്.

**(എം)** ഓരോ ദിവസവും സപ്ലൈ ചെയ്യേണ്ട ഇനത്തിൻെറയും കാര്യത്തിൽ 10% വരെ കൂടുതലോ കുറവോ സംഭവിച്ചാൽ അതിന് പിഴ ഈടാക്കുന്നതല്ല.

**(എൻ)** സപ്ലൈ ചെയ്യപ്പെടുന്ന സാധനങ്ങൾ മോശപ്പെട്ടവയോ താഴ്ന്നനിലവാരം പുലർത്തുന്നവയോ തരം (വെറൈറ്റി) വലിപ്പം എന്നിവയുടെ കാര്യത്തിൽ നിഷ്കർഷിക്കപ്പെട്ട വ്യവസ്ഥകൾ പാലിക്കപ്പെടാത്തവയോ ആയാൽ പ്രസ്തുത സാധനങ്ങൾ നിരസിക്കുന്നതിനും ബന്ധപ്പെട്ട കരാറുകാരൻെറ ഉത്തരവാദിത്വത്തിലും ചെലവിലും പകരംമറ്റേതെങ്കിലും സപ്ലൈയറിൽനിന്നും സാധനങ്ങൾ വാങ്ങുന്നതിനുമുള്ള അധികാരം ടി കോർപ്പറേഷന് ഉണ്ടായിരിക്കും. ഇത്തരം സന്ദർഭങ്ങളിൽ ഉണ്ടായേക്കാവുന്ന കഷ്ടനഷ്ടങ്ങൾ കണക്കാക്കിയുള്ള തുക കരാറുകാരനിൽ നിന്ന് ഈടാക്കുന്നതു മായിരിക്കും. (വെറൈറ്റിയെപ്പറ്റിയുള്ള വിവരങ്ങൾ അനുബന്ധം-2 ൽ കാണിച്ചിരിക്കുന്നു.)

ഏതെങ്കിലും തരത്തിലുള്ള ക്രിമിനൽ കേസുകളിൽ ശിക്ഷിക്കപ്പെട്ടിട്ടുള്ള കരാറുകാരെ ഈ ദർഘാസിൽപങ്കെടുപ്പിക്കുന്നതല്ല.

ദർഘാസുകാരൻെറ ഒപ്പ്

<u>പണം നൽകുന്നത് സംബന്ധമായ ചട്ടങ്ങളും നിബന്ധനകളും</u>

(എ) സപ്ലൈ ചെയ്യുന്ന വസ്തുക്കളുടെ ബില്ലിൻെറ രണ്ട് കോപ്പികൾ ഫെയർ/ മാർക്കറ്റ് ഓഫീസർക്ക് നൽകേണ്ടതും നൽകുന്ന സാധനങ്ങളുടെ കൈപ്പറ്റ് രസീത് വാങ്ങേണ്ടതുമാണ്. ഇതിൻെറ അടിസ്ഥാനത്തിൽ സാധനങ്ങളുടെ വില ബന്ധപ്പെട്ട **ഡിപ്പോയിൽ** നിന്നും Cheque/RTG **മുഖേനയോ** കൈപ്പറ്റാവുന്നതുമാണ്. ഫെയർ ഓഫീസറുടെ പേര്, മൊബൈൽ ഫോൺ നമ്പർ എന്നിവ പർച്ചേസ് ഓർഡറിൽ ഉണ്ടായിരിക്കും.

(ബി) എന്നാൽ 03/09/2017 ൽ സപ്ലൈ ചെയ്യുന്ന വസ്തുക്കളുടെ വിലയും സെക്യൂരിറ്റി ഡിപ്പോസിറ്റും തിരികെ കൊടുക്കുന്നത് കരാർപ്രകാരമുള്ള സപ്ളൈയുടെ പൂർണ്ണവും തൃപ്തികരവുമായ നിർവ്വഹണത്തെ സംബന്ധിച്ച് വിലയിരുത്തിയതിനുശേഷവും കരാറുകാരൻെറ പേരിൽ ബാദ്ധ്യത കളൊന്നുമില്ലെന്ന് ബന്ധപ്പെട്ട ഡിപ്പോ മാനേജർക്ക് ബോദ്ധ്യമായതിനുശേഷവും, അതാതു ഡിപ്പോ ഓഫീസുകളിൽ നിന്നുമായിരിക്കും. ഇത് 2017 **നവംബർ–**30 നു മുമ്പായി ലഭിക്കുന്നതാണ്.

(സി) നിരതദ്രവ്യവും സെക്യൂരിറ്റി ഡെപ്പോസിറ്റും 30/11/2017 നോ അതിനുമുമ്പായോ തിരിച്ചുനൽകു ന്നതാണ്.

(ഡി) ടെണ്ടർ, പേയ്മെൻറ്, ഇനങ്ങൾ മുതലായവ സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക് താഴെ ചേർത്തിട്ടുള്ള ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

ഡിപ്പോ മാനേജർ :

ഡിപ്പോ :

ഫോൺ, മൊബൈൽ :
ഓഫീസ് :

ദർഘാസുകാരൻെറ ഒപ്പ് :

പേര് :

മേൽവിലാസം :

ഫോൺ നമ്പർ :

## അനുബന്ധം-1

## ഫെയർ മാർക്കറ്റിൻെറ പേര്:

| ഇനം | ഏകദേശ അളവ് | നിരക്ക് / കി.ഗ്രാം | റിമാർക്സ് |
|---|---|---|---|
| ഏത്തക്കായ് | | | |
| ക്യാബേ ` | | | |
| ക്യാരറ്റ് | | | |
| ബീറ്റ്റൂട്ട് | | | |
| ബീൻസ് | | | |
| കൊത്തമര | | | |
| അച്ചിങ്ങ (നാടൻപയർ) | | | |
| കുമ്പളങ്ങ (എളവൻ) | | | |
| പാവയ്ക്ക (കയ്പ്പക്ക) | | | |
| പടവലങ്ങ | | | |
| മത്തങ്ങ | | | |
| വെള്ളരിക്ക | | | |
| വഴുതനങ്ങ (വലുത്) | | | |
| വെണ്ടയ്ക്ക | | | |
| മുരിങ്ങക്കായ് | | | |
| ചേന | | | |
| ചേമ്പ് | | | |
| തക്കാളി | | | |
| ഉരുളക്കിഴങ്ങ് | | | |
| ചെറിയ ഉള്ളി | | | |
| സവാള | | | |
| കറിനാരങ്ങ (വടുകപ്പുളി) | | | |
| പച്ചമുളക് | | | |
| ഇഞ്ചി | | | |
| ചെറുനാരങ്ങ | | | |
| മൊന്തൻകായ് | | | |
| കറിവേപ്പില | | | |
| വാഴച്ചുണ്ട് | | | |
| പച്ചമാങ്ങ | | | |

ദർഘാസുകാരൻെറ പേരും ഒപ്പും

## അനുബന്ധം-3

ഏത്തക്കായ, പച്ചക്കറി വിതരണം സംബന്ധിച്ച വിവരങ്ങൾ :

1. വിതരണക്കാരൻെറ /സഹകരണ സംഘത്തിൻെറ /സ്ഥാപനത്തിൻെറ ഏജൻസിയുടെ പേര് :

2. മേൽ വിലാസം :

   പിൻകോഡ് :

   ഫോൺ നമ്പർ :

   ഫാക്സ് നമ്പർ :

(മേൽവിലാസം തെളിയിക്കുന്ന രേഖ അടക്കം ചെയ്യേണ്ടതാണ്)

3. ബാങ്കിൻെറ പേര് :

4. ബാങ്ക് അക്കൗണ്ട് നമ്പർ :

മേൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളെല്ലാം സത്യമാണെന്നും ടെണ്ടർ വ്യവസ്ഥകൾ എല്ലാം പാലിക്കുമെന്നും ഇതിനാൽ സമ്മതിക്കുന്നു.

വിതരണക്കാരൻെറ പേരും ഒപ്പും

തീയതി:

## ലഭ്യമാക്കേണ്ട സാധനങ്ങളുടെ വിവരണം

ANNEXURE – II

| | | Prescribed Specification | Offered Specification |
|---|---|---|---|
| Sl.No. | Name of Items | | |
| 1. | Banana | Locally preferred variety | |
| 2. | Cabbage | | |
| 3. | Carrot | Ootty variety | |
| 4. | Beetroot | Not to exceed 200gm/piece | |
| 5. | French Beans | Ootty variety | |
| 6. | Cluster Beans | | |
| 7. | Ash Gourd | Not to exceed 4 kg/piece | |
| 8. | Bitter Gourd | Nadan white variety | |
| 9. | Local Beans | Local variety | |
| 10. | Snake Gourd | | |
| 11. | Pumpkin | Not to exceed 4 kg/piece | |
| 12. | Cucumber | Yellow variety | |
| 13. | Brinjal Long | Whitish green variety | |
| 14. | Ladies Finger | Tender, not over ripe | |
| 15. | Drum Stick | | |
| 16. | Elephant Foot | Free from mud | |
| 17. | Colocasia | | |
| 18. | Tomato | Except apple variety | |
| 19. | Potato | Ootty variety, average size | |
| 20. | Savola | Poona variety | |
| 21. | Small Onion | Big variety | |
| 22. | Lime Big | | |
| 23. | Green Chillies | | |
| 24. | Ginger | Average size, Free from mud | |
| 25. | Raw Mango | | |
| 26. | Monthenkai | | |
| 27. | Curry Leaf | | |
| 28. | Lime Small | | |
| 29. | Vazha Chund | | |

മേൽ വിവരിച്ചരീതിയിലുള്ള സാധനങ്ങൾ നിർദ്ദിഷ്ട സ്ഥലത്തും എന്റെ പൂർണ്ണ ഉത്തരവാദിത്വത്തിൽ എത്തിക്കാമെന്ന് ഇതിനാൽ സമ്മതിക്കുന്നു.

Signature of the tenderer